**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **10.12.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 3390**

**ചെറുമത്സ്യങ്ങളെ പിടികൂടുന്നത് തടയുവാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. എൻ. ഷംസീർ**<br>**,, എ. പ്രദീപ്കുമാർ**<br>**,, ജോൺ ഫെർണാണ്ടസ്**<br>**,, ബി.സത്യൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും മത്സ്യസമ്പത്തിനെ ബാധിക്കുന്ന വിധം ചെറുമത്സ്യങ്ങളെ പിടികൂടുന്നത് തടയുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ ലഭ്യമാക്കുകയും ഇംപൗണ്ടിംഗ് ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടുകൂടി എല്ലാ ദിവസവും കടൽ പട്രോളിംഗ് നടത്തുകയും മത്സ്യബന്ധന യാനങ്ങളിൽ പരിശോധന നടത്തുകയും ചെറു മത്സ്യങ്ങളെ പിടിക്കുന്ന യാനങ്ങൾക്കെതിരെ KMFR ആക്ട് അനുസരിച്ച് നടപടികൾ എടുക്കുകയും ചെയ്തു വരുന്നു. |
| (ബി) | കടലിലെ ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിഷയത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | 2017-ലെ കെ.എം.എഫ്.ആർ.ആക്ട് ഭേദഗതിയിലൂടെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടു ണ്ട്. ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം മത്സ്യത്തൊഴിലാളികളുടെകൂടെ സഹായ ത്തോടെ ബോധവൽക്കരണം നടത്തി പിൻതിരിപ്പിക്കുക എന്നത് എഫ്.എം.സി കളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. CMFRI-യുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം(MLS) നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടു വിച്ചിട്ടു ണ്ട്. ടി 58 മത്സ്യങ്ങളുടെ ലിസ്റ്റ് മത്സ്യത്തൊഴിലാളികൾക്കെത്തിച്ച് കൊടുക്കുകയും തീരദേശത്തെ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടു ണ്ട്. ചെറു മത്സ്യങ്ങളെ പിടിക്കുന്നതിനെതിരെ മത്സ്യത്തൊഴി ലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ